"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി താൽകാലി കാടിസ്ഥാനത്തിൽ നിയുക്തരായിട്ടുള്ള ശുചീകരണ ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1751/2026/LSGD തിരുവനന്തപുരം,തീയതി, 16-09-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 2233/2024/LSGD തീയതി : 18.11.2024.

2. സ.ഉ (സാധാ)നം. 1014/2025/LSGD തീയതി : 23.04.2025.

3. സ.ഉ (സാധാ) നം. 1926/2025/LSGD തീയതി : 04.08.2025.

4. സ.ഉ (സാധാ) നം. 3105/2025/LSGD തീയതി : 30.12.2025.

5. സ.ഉ (സാധാ) നം. 1238/2026/LSGD തീയതി : 04.07.2026.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി ശുചീകരണജീവനക്കാരുടെ അഭാവം ഒഴിവാക്കുന്നതിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ഉപയോഗിച്ച് അത്യാവശ്യംവരുന്ന ശുചീകരണജീവനക്കാരെ ക്യാമ്പയിൻ കാലാവധിയായ 2025 മാർച്ച് 30വരെ മാത്രം ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുവാൻ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത നിയമനകാലാവധി 2025 മാർച്ച് 31 മുതൽ മൂന്ന് മാസം കൂടിയും, ഇതിനിടയിൽ പൊതു അജൈവ മാലിന്യശേഖരണ ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിക്കുന്ന തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിൽ മാത്രം വീണ്ടും മൂന്ന് മാസത്തേക്കു കൂടിയും ദീർഘിപ്പിക്കുവാൻ അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

ഇപ്രകാരം നിയമിതരായ ജീവനക്കാരുടെ സേവന കാലാവധി 30.06.2025-ൽ അവസാനിച്ചതിനാൽ, കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചും ജോലിയിൽ തുടർന്നു

വന്നിരുന്ന കണ്ടിജന്റ് ജീവനക്കാരുടെ സേവന കാലാവധി 2025 ജൂൺ 30മുതൽ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ചും ചില ഭേദഗതികളോടെ പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമിതരായി, സേവനത്തിൽ തുടർന്നു വന്നിരുന്ന ജീവനക്കാരുടെ സേവനകാലാവധി അവസാനിച്ച മുറയ്ക്ക് പരാമർശം (1),(2),(3)-ലെ വ്യവസ്ഥകൾക്കു വിധേയമായി, ടി സേവനകാലാവധി അവസാനിച്ചതു മുതൽ ആറു മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി പരാമർശം (4) പ്രകാരവും, തുടർന്ന് സേവനകാലാവധി അവസാനിച്ച 30.06.2026 മുതൽ മൂന്നു മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി പരാമർശം (5) പ്രകാരവും ഉത്തരവായിരുന്നു.

അപ്രകാരം സേവനത്തിൽ തുടർന്നു വന്നിരുന്ന കണ്ടിജന്റ് ജീവനക്കാരുടെ സേവന കാലാവധി 30.09.2026-ൽ അവസാനിക്കുന്നതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി, താൽകാലികാടിസ്ഥാനത്തിൽ ദിവസവേതന വ്യവസ്ഥയിൽ നിയോഗിക്കപ്പെട്ടിരുന്ന കണ്ടിജന്റ് ജീവനക്കാർക്ക് പരാമർശം (5) പ്രകാരം മൂന്നു മാസത്തേക്കു ദീർഘിപ്പിച്ചു നൽകിയിരുന്ന സേവനകാലാവധി, പരാമർശം (1), (2), (3)-ലെ വ്യവസ്ഥകൾക്കു വിധേയമായി, 31.12.2026 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് വകുപ്പ്, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി).
തദ്ദേശ സ്വയംഭരണ (WM) വകുപ്പിന്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Digitally signed by
Sethulal R
Date: 17-09-2026
12:34:11
സെക്ഷൻ ഓഫീസർ